റെ മനസ്സിലാക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ കാര്യത്തിൽ എല്ലാവരുടേയും, പ്രത്യേകിച്ചു എന്റെ സ്നേഹിതൻ മിസ്റ്റർ കോഡന്നടേയും പ്രത്യേക സഹായസഹകരണങ്ങളുണ്ടാകുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ ഇതിനെ ശക്തിയായി അനുകൂലിക്കുന്നു.

The house rose for lunch at 1—30 p.m. and reassembled at 2—30 p.m. with the Hon'ble President in the Chair.

6. Special sitting—Announcement of

Mr. President: I have to announce under the Command of His Highness that His Highness desires to convey an important message to the Legislative Council on Thursday, 14th August 1947, and therefore His Highness desires that a special sitting of the House may be held on that day. A special sitting of the House will therefore be held on Thursday the 14th August 1947 as usual at 11-30 a.m.

7. Election of Members—Public Acccunts Committee

Three nomination papers have been received for election to the Public Accounts Committe from

1. Mr. K. K. Kannan,
2. ,, M. K. Verghese,

and 3. Choudhury G. S. Dhara Singh.

Since only three nomination papers have been received, the Hon'ble Members mentioned are declared duly elected.

8. Legislative Business—Government Bills— *(cont.)*

1. The Cochin Prohibition Bill—*(cont.)*

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: മിസ്റ്റർ പ്രസിഡണ്ട്, സർ, മദ്യനിരോധനനിയമത്തെ അനുകൂലിച്ചുകൊണ്ടു രണ്ടു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതു് എത്രയോ കൊല്ലം മുമ്പു് ഈ സഭയിൽ—എന്റെ ഓർമ്മ ശരിയാണെങ്കിൽ ഒരു ഫ കൊല്ലം മുമ്പു്—വാദപ്രതിവാദത്തിനു വിഷയമായിട്ടുള്ള വിഷയമാണു്. എന്നിട്ടു് അന്നത്തെ ഗവണ്മെണ്ടു നെല്ലാറയിൽ ഒരു ഫക്കയിൽ മാത്രം അതു പരിക്ഷിച്ചുനോക്കുകയും പിന്നീടു് അതു നടപ്പിൽ വരുത്തേണ്ട ആവശ്യമില്ലെന്നു വയ്ക്കുകയും ചെയ്തു. ഏതാണ്ടു് ഒരു കൊല്ലം കഴിഞ്ഞപ്പോൾ അതു പരാജയത്തിൽ കലാശിച്ചു. അതുപോലെയുള്ള ഉദ്ദേശമാണു് ഇപ്പോഴത്തെ ഗവണ്മെണ്ടിനും ഉള്ളതു് എന്നുണ്ടെങ്കിൽ ജനങ്ങളെ കളിപ്പിക്കുവാൻ വേണ്ടി ഇതു നടപ്പാക്കരുതു് എന്നാണു് എനിക്കു പറയുവാനുള്ളതു്.

പിന്നെ ഇതു നടപ്പാക്കുന്നതിനു ഗവണ്മെണ്ടു തിരഞ്ഞെടുത്തിരിക്കുന്ന പ്രദേശം ചിറ്റൂർ താലൂക്കാണു്. ആദ്യം ഇതു നടപ്പിൽ വരുത്തിട്ടു പരാജയമടഞ്ഞ സ്ഥലത്തുതന്നെ ഇപ്പോഴും പരീക്ഷാർത്ഥമായി പ്രൊഹിബിഷൻ ഏർപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നതു പിന്നെയും പരാജയപ്പെടുവാനാണോ എന്നു് എനിക്കു ബലമായ സംശയമുണ്ടു്. അതുകൊണ്ടു ഗവണ്മെണ്ടു തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലം ശരിയായില്ലെന്ന അഭിപ്രായക്കാരനാണു ഞാൻ. കൊച്ചിരാജ്യത്തിന്റെ മദ്ധ്യഭാഗമായ തൃശ്ശിവപേരൂരോ മുകുന്ദപുരം താലൂക്കോ ആയിരുന്നു തിരഞ്ഞെടുത്തതു് എങ്കിൽ അതു വിജയിക്കുമെന്നു വിശ്വാസമുണ്ടു്. ചിറ്റൂർ താലൂക്കു കൊച്ചിരാജ്യത്തിന്റെ അങ്ങേഅറ്റമാണു്. ബ്രിട്ടീഷിനോടു തൊട്ടുകിടക്കുന്ന ഒരു പ്രദേശമാണതു്. അവിടെ നടക്കുന്ന കാര്യങ്ങൾ ഇവിടെ ഉദ്യോഗസ്ഥന്മാർക്കു് അറിയുവാനും സാദ്ധ്യമല്ല.

ഇവിടെ ചില മാന്യമെമ്പർമാർ പറഞ്ഞു എഴുപതു ലക്ഷത്തോളം ഉറുപ്പിക ഇതുമൂലം നഷ്ടം വരുമെന്നു്. ആവക നഷ്ടം നാം കണക്കാക്കി കാണിച്ചുകൊടുക്കേണ്ട ആവശ്യമില്ല. അതൊക്കെ വഴിക്കുവഴി നടന്നുകൊള്ളും. നഷ്ടം ഉണ്ടായാൽ അതു് ഇന്നത്തെ ഗവണ്മെണ്ടു നികത്തിക്കൊള്ളും. പ്രൊഹിബിഷൻ എന്നുള്ളതിന്റെ അർത്ഥം ഞാൻ മനസ്സിലാക്കീട്ടുള്ളതു് പബ്ലിക്കായിട്ടു മദ്യപാനം ചെയ്യുവാൻ പാടില്ല എന്നുള്ളതാണു്. ഇപ്പോൾ മദ്യം ഉണ്ടാക്കുവാൻ യാതൊരു വിഷമവുമില്ല. പല സാധനങ്ങളിൽനിന്നും മദ്യം ഉണ്ടാക്കുന്നുണ്ടു്. ആരോ വീട്ടിലും കുടിക്കണമെന്നുണ്ടെങ്കിൽ കുടിക്കണമെന്നു നിർബ്ബന്ധമുള്ളവർക്കും മദ്യമുണ്ടാക്കുവാൻ യാതൊരു വിരോധവുമില്ല. രാജ്യത്തുള്ള ൪൫ ലക്ഷം ആളുകളെയു

LIBRARY ARCHIVES Kerala Legislative Assembly